©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്

## പതിനഞ്ചാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2021-2023)

## എട്ടാമത് റിപ്പോർട്ട്

**[കോഴിക്കോട് ജില്ലയിൽ നോർക്ക വകുപ്പ് മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച്]**

(2023 സെപ്തംബർ 11-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

പതിനഞ്ചാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2021- 2023)

## എട്ടാമത് റിപ്പോർട്ട്

**[കോഴിക്കോട് ജില്ലയിൽ നോർക്ക വകുപ്പ് മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച്]**

(2023 സെപ്തംബർ 11-ാം തീയതി സഭയിൽ സമർപ്പിച്ചത്)

1027/2023.

# ഉള്ളടക്കം

*പേജ്*


| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 7 |

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2021-2023)

**ഘടന**

<u>ചെയര്‍മാന്‍</u>

ശ്രീ. എ.സി. മൊയ്തീന്‍.

<u>അംഗങ്ങള്‍</u>

ശ്രീ. എ. കെ. എം. അഷ്റഫ്

ഡോ. കെ. ടി. ജലീല്‍

ശ്രീ. മാണി സി. കാപ്പന്‍

ഡോ. മാത്യു കുഴല്‍നാടന്‍

ശ്രീ. പ്രമോദ് നാരായണ്‍

ശ്രീ. ഇ. ടി. ടൈസണ്‍ മാസ്റ്റര്‍

ശ്രീ. കെ. എന്‍. ഉണ്ണികൃഷ്ണന്‍

ശ്രീ. സേവ്യര്‍ ചിറ്റിലപ്പിള്ളി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. എ. എം. ബഷീര്‍, സെക്രട്ടറി

ശ്രീമതി ദീപ വി., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാര്‍ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീജ പി. കെ., അണ്ടര്‍ സെക്രട്ടറി.

# ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2021-2023)യുടെ ചെയർമാനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

വിദേശരാജ്യങ്ങളിലെ ആഭ്യന്തരപ്രശ്നങ്ങളെയും കോവിഡ്-19 മഹാമാരിയെയും തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും മടങ്ങിയെത്തിയ പ്രവാസിമലയാളികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്കാവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനുമായി കേരളപ്രവാസികാര്യവകുപ്പും പ്രവാസിവെൽഫെയർ ബോർഡും നോർക്കറൂട്ട്സും വിവിധ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. ഇത്തരം പദ്ധതികളുടെ ജില്ലാതല പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും മടങ്ങിയെത്തിയ പ്രവാസികളുടെ ജീവിതപ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനുമായി സമിതി 2022 ജൂൺ 2-ാം തീയതി കോഴിക്കോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരുകയും പ്രവാസിമലയാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് വകുപ്പ് ഉദ്യോഗസ്ഥർ, സംഘടന പ്രതിനിധികൾ, വ്യക്തികൾ എന്നിവരുമായി ചർച്ച നടത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2023 ആഗസ്റ്റ് 23-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എ. സി. മൊയ്തീൻ,
*ചെയർമാൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2023 സെപ്തംബർ 11.

# റിപ്പോർട്ട്

അസ്തിത്വത്തിന് വേണ്ടിയുള്ള ആശ്രയമാണ് മനുഷ്യനെ സംബന്ധിച്ചിടത്തോളം പ്രവാസം. മനുഷ്യ സംസ്കാരത്തിന്റെ വികാസ പരിണാമങ്ങൾ നിർണയിക്കുന്നതിൽ കുടിയേറ്റം വഹിച്ച പങ്ക് വലുതാണ്. അതിനാൽ പ്രവാസമില്ലാത്ത ജീവിതം നമുക്ക് അന്യമാണ്. ആധുനിക കാലത്ത് പ്രവാസ ജീവിതത്തിലൂടെ മനുഷ്യൻ അവന്റെ സ്വത്വത്തെ പുതുക്കി പണിയുന്നു. പ്രവാസ ജീവിതത്തിന് അടിസ്ഥാനപരമായി കാരണങ്ങൾ പലതുണ്ടെങ്കിലും വിദ്യാഭ്യാസ യോഗ്യതയും ആഗ്രഹിച്ച ഉദ്യോഗവും നേടി മെച്ചപ്പെട്ട ജീവിത സാഹചര്യമുണ്ടാക്കാനാവുമെന്നുള്ള പ്രതീക്ഷയാണ് പ്രവാസ ജീവിതത്തിന് മനുഷ്യനെ പ്രേരിപ്പിക്കുന്നത്.

2. സംസ്ഥാനം കൈവരിച്ച സാമ്പത്തിക പുരോഗതിയിൽ പ്രവാസി മലയാളി ചെലുത്തിയ സ്വാധീനം വലുതാണ്. മനുഷ്യ പുരോഗതിയുടെ ചരിത്രം സൂക്ഷ്മമായി പരിശോധിക്കുമ്പോൾ തിരിച്ചറിയുന്ന ഒരു വസ്തുത കല, സാഹിത്യം, വിദ്യാഭ്യാസം, തൊഴിൽ, മെച്ചപ്പെട്ട സാമൂഹിക-സാമ്പത്തിക മുന്നേറ്റം എന്നീ വിഭാഗങ്ങൾ ഉൾപ്പെടെ, കേരളത്തിന്റെ സർവതോന്മുഖമായ വികസനത്തിന് പ്രവാസികൾ നൽകിയ സംഭാവനകൾ മികവുറ്റതാണ്. എന്നാൽ വിദേശ രാജ്യങ്ങളിലെ മാറി വരുന്ന തൊഴിൽ നിയമങ്ങളും കോവിഡ് മഹാമാരിയും പ്രവാസികളുടെ ഭാവി ജീവിതത്തിന് വളരെയധികം മങ്ങലേൽപ്പിച്ചു. ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയെ ഒരു പരിധിവരെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്.

3. കോവിഡ് മൂലം ആഗോളതലത്തിൽ തൊഴിൽ മേഖലയിലുണ്ടായ അനിശ്ചിതത്വവും സാമ്പത്തിക മാന്ദ്യവും പ്രവാസികേരളീയരുടെ തൊഴിലിനെയും തൊഴിൽ സാധ്യതകളെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വിദേശരാജ്യങ്ങളിലെ ആഭ്യന്തരപ്രശ്നങ്ങളാലും പ്രകൃതിദുരന്തങ്ങളാലും ഒട്ടേറെ പേർ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചു നാട്ടിൽ എത്തേണ്ടി വരുന്നുണ്ട്. ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിപോകാൻ കഴിയാത്ത പ്രവാസികളെ പുനരധിവസിപ്പിക്കുക എന്ന വെല്ലുവിളിയാണ് നമ്മുടെ സമ്പദ്‌വ്യവസ്ഥ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രധാന പ്രശ്നം.

4. മടങ്ങിയെത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ നിലനിൽപ്പിനാവശ്യമായ സഹായങ്ങൾ നൽകുന്നതിനും അവരുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനും വിവിധ തൊഴിൽ മേഖലകളിൽ വിന്യസിക്കുന്നതിനും സർക്കാർ തലത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇതിനായി കേരള പ്രവാസികാര്യവകുപ്പും പ്രവാസിവെൽഫയർ ബോർഡും നോർക്ക റൂട്ട്സും ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഈ സാഹചര്യത്തിൽ പ്രവാസിക്ഷേമ

പ്രവർത്തനങ്ങളെയും പദ്ധതികളെയും സംബന്ധിച്ച് അവലോകനം ചെയ്യുന്നതിനും അവയിലെ പോരായ്മകൾ കണ്ടെത്തി പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും ശിപാർശകളും നൽകുന്നതിനും കൂടാതെ പ്രവാസി സമൂഹത്തിന്റെ ജീവിത യാഥാർത്ഥ്യങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനുമായി പ്രവാസിമലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി വിവിധ ജില്ലകളിൽ യോഗങ്ങൾ ചേർന്ന് പ്രവാസികളുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും സംഘടന പ്രതിനിധികളുമായും ചർച്ച നടത്തുന്നതിനും തീരുമാനിക്കുകയുണ്ടായി. അത്തരം സന്ദർശനങ്ങളുടെ ഭാഗമായി 2022 ജൂൺ 2-ാം തീയതി കോഴിക്കോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സമിതി യോഗം ചേർന്ന് കോഴിക്കോട് ജില്ലയിൽ കേരള പ്രവാസികാര്യ വകുപ്പ്, കേരള പ്രവാസി മലയാളി ക്ഷേമ ബോർഡ്, നോർക്ക റൂട്ട്സ് എന്നിവ മുഖേന നടപ്പിലാക്കി വരുന്ന വിവിധ പ്രവാസിക്ഷേമ പദ്ധതികൾ അവലോകനം ചെയ്യുകയും പ്രസ്തുത ജില്ലയിലെ പ്രവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് പ്രവാസി മലയാളി സംഘടനാ പ്രതിനിധികൾ, വ്യക്തികൾ എന്നിവരുമായി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമിതിയുടെ നിഗമനങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു.

5. കോവിഡ്-19 വ്യാപനത്തിന്റെ ഭാഗമായി ലോകത്തിന്റെ എല്ലാ ഭാഗത്തുമുള്ള പ്രവാസി മലയാളികൾ വിശിഷ്യാ ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള പ്രവാസികൾ ഗണ്യമായ തോതിൽ തിരിച്ചെത്താൻ നിർബന്ധിതരായിട്ടുണ്ടെന്നും ഇത്തരത്തിൽ പ്രവാസികൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ സംസ്ഥാനത്തിന്റെ സവിശേഷമായ സാമൂഹിക സാമ്പത്തിക സ്ഥിതിയെ ബാധിക്കുന്ന ഗൗരവമേറിയ ഘടകമാണെന്നും സമിതി വിലയിരുത്തുന്നു. വിദേശ രാജ്യങ്ങളിൽ പഠനാവശ്യത്തിനായി പോയിട്ടുള്ള വിദ്യാർത്ഥികൾക്ക് കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ പഠനവുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്നതായും സമിതി മനസ്സിലാക്കുന്നു.

6. നോർക്ക റൂട്ട്സ് കോഴിക്കോട് ജില്ലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ സമിതി വിലയിരുത്തി. കോവിഡ് സാഹചര്യത്തിൽ മടങ്ങിയെത്തിയവരെ പുനരധിവസിപ്പിക്കുകയും അവരുടെ നിലനിൽപ്പിനാവശ്യമായ പുതിയ സംരംഭകത്വ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി ആരംഭിച്ച പ്രവാസി ഭദ്രത പദ്ധതിയിൽ കുടുംബശ്രീ വഴി 2 ലക്ഷം രൂപവരെ ധനസഹായം നൽകുന്ന ചെറുകിട പദ്ധതി- പ്രവാസിഭദ്രത – പേൾ; കേരള ബാങ്ക്, കെ.എസ്.എഫ്.ഇ എന്നിവ വഴി നടപ്പാക്കുന്ന അഞ്ച് ലക്ഷം രൂപവരെ മുതൽ മുടക്കുള്ള സംരംഭങ്ങൾക്കു വേണ്ടിയുള്ള പദ്ധതിയായ പ്രവാസി ഭദ്രത -മൈക്രോ പദ്ധതി; കെ.എസ്.ഐ.ഡി.സി വഴി നടപ്പാക്കുന്ന പ്രവാസി ഭദ്രത-മെഗാ എന്നീ മൂന്ന് പദ്ധതികൾ കൂടാതെ 2013 കാലഘട്ടത്തിൽ നിതാഖത്ത് നിയമം നടപ്പാക്കിയപ്പോൾ ഗൾഫ് രാജ്യങ്ങളിൽ നിന്നും മടങ്ങിയെത്തിയ പ്രവാസികളെ സഹായിക്കുന്നതിന് വേണ്ടി 17 ധനകാര്യ സ്ഥാപനങ്ങൾ

വഴി നടപ്പാക്കുന്ന നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് എന്ന പദ്ധതിയും നിലവിൽ പ്രവർത്തിച്ചു വരുന്നതായി സമിതി മനസിലാക്കി.

7. തിരികെ എത്തിയ പ്രവാസി കേരളീയർക്കു വേണ്ടി നോർക്കറൂട്ട്സ് നടപ്പാക്കുന്ന ദുരിതാശ്വാസ നിധിയായ സാന്ത്വന പദ്ധതി പ്രകാരം മരണാനന്തര സഹായമായി പരമാവധി ഒരു ലക്ഷം രൂപയും ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ തുടങ്ങി ഗുരുതര രോഗങ്ങൾക്ക് ചികിത്സാ ധനസഹായമായി 50,000 രൂപ വരെയും തിരികെയെത്തിയ പ്രവാസികൾക്ക് പെൺമക്കളുടെ വിവാഹധനസഹായമായി 15,000 രൂപ വരെയും പ്രവാസികൾക്കും അവരുടെ ആശ്രിതർക്കും ഭിന്നശേഷി ഉപകരണങ്ങൾ വാങ്ങുന്നതിന് പരമാവധി 10,000 രൂപ വരെയും സഹായങ്ങൾ നൽകുന്നതായി സമിതി നിരീക്ഷിച്ചു. [നോർക്ക റൂട്ട്സ് മുഖേന നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്]

8. കുടുംബശ്രീയുടെ റിവോൾവിംഗ് ഫണ്ട് മാതൃകയിൽ നടപ്പാക്കിയിട്ടുള്ള പ്രവാസി ഭദ്രതാ പേൾ പദ്ധതിയിൽ കോവിഡ് കാലത്ത് ജോലി നഷ്ടപ്പെട്ട് തിരികെവന്ന പ്രവാസികൾക്ക് മുൻഗണന നൽകിയിട്ടുണ്ടെന്ന് മാത്രമേയുള്ളൂവെന്നും ഈ പദ്ധതിയിൽ കൂടുതൽ ഫണ്ട് അനുവദിക്കേണ്ടതാണെന്നും നിലവിൽ നൽകിവരുന്ന 2 ലക്ഷം രൂപ ഒറ്റത്തവണയായി നൽകുന്നത് കൂടുതൽ പ്രയോജനപ്രദമായിരിക്കുമെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ കുടുംബശ്രീ 'പേൾ' പദ്ധതിയിൽ കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനും നിലവിൽ നൽകിവരുന്ന 2 ലക്ഷം രൂപ ഒറ്റത്തവണയായി നൽകുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. പേൾ പദ്ധതി പ്രകാരം സംസ്ഥാന കുടുംബശ്രീ മിഷന് 30 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും റിവോൾവിംഗ് ഫണ്ടായതിനാൽ തിരികെ ലഭിക്കുന്ന മുറയ്ക്ക് ഈ തുക വീണ്ടും ഉപയോഗപ്പെടുത്താവുന്നതാണെന്നും സമിതി മനസിലാക്കുന്നു. ഈ ഇനത്തിൽ കോഴിക്കോട് ജില്ലയ്ക്ക് മാത്രമായി കുടുംബശ്രീക്ക് എത്ര രൂപ അനുവദിച്ചുവെന്നുള്ളതിന്റെ കണക്കുകൾ ലഭ്യമാക്കണമെന്ന് കുടുംബശ്രീ മിഷനോട് സമിതി നിർദ്ദേശിക്കുന്നു.

10. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി വിഹിതം വയ്ക്കുന്നത് കാറ്റഗറി തിരിച്ചാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ ഘട്ടത്തിൽ പ്രവാസി സംഘടനാ പ്രതിനിധികൾ പഞ്ചായത്തുകളുൾപ്പെടെയുള്ളവ നടത്തുന്ന വിവിധ യോഗങ്ങളിൽ പങ്കെടുത്ത് പ്രവാസികൾക്കായി പ്രത്യേക വിഹിതം നീക്കിവയ്ക്കണമെന്നാവശ്യം ഉന്നയിച്ചാൽ ഇതിൻമേൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മതിയായ പരിഗണന നൽകുമെന്ന് സമിതി പ്രതീക്ഷിക്കുന്നു. പ്രവാസി സംഘടനകൾക്കുമുന്നിൽ സമിതി

ഈയൊരാവശ്യം മുന്നോട്ടുവയ്ക്കുകയാണെന്നും പ്രാദേശിക സർക്കാരുകൾ എന്ന നിലയ്ക്ക് അവരുടെ പദ്ധതിപ്പണം ചെലവഴിക്കാനുള്ള അവകാശം ജനങ്ങൾക്കാണെന്നും അടുത്ത വർഷത്തെ പദ്ധതി ആസൂത്രണം ചെയ്യുന്ന അവസരത്തിലെങ്കിലും പ്രവാസി സംഘടനകൾ ഈ ആവശ്യം സംബന്ധിച്ച നിവേദനങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ ഘട്ടത്തിൽ പദ്ധതി ആസൂത്രണ സമിതി യോഗങ്ങളിൽ പ്രവാസി സംഘടനകളുടെ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തി ആവശ്യങ്ങൾ വിലയിരുത്തുന്നതിനും പ്രവാസികൾക്കായി പ്രത്യേക വിഹിതം നീക്കിവയ്ക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. നോർക്ക റൂട്ട്സിലെ ഒരു ഉദ്യോഗസ്ഥൻ പ്രവാസി സംഘടനകളെ സമീപിക്കുകയും കോവിഡാനന്തരം തിരിച്ചുവന്ന ട്രേഡ്ക്വാളിഫിക്കേഷനുള്ളവർക്ക് ജോലി നൽകാമെന്ന് പറഞ്ഞ് ഡാറ്റ ശേഖരിച്ചുവെങ്കിലും തുടർനടപടിയൊന്നും ഉണ്ടായിട്ടില്ലെന്ന സമിതിക്ക് ലഭിച്ച പരാതിയിന്മേൽ അടിയന്തരമായി അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

12. കോഴിക്കോട് ജില്ലയിൽ പ്രവാസിക്ഷേമബോർഡിൽ പെൻഷൻ, ഫാമിലി പെൻഷൻ, മരണാനന്തര സഹായം, വിവാഹധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നീ ആനുകൂല്യങ്ങൾക്കായി അപേക്ഷിച്ചിട്ടുള്ളവർക്ക് സമയബന്ധിതമായി തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിന് നിലവിൽ നോർക്ക ഓഫീസിൽ നേരിട്ട് അപേക്ഷകൾ സ്വീകരിക്കുന്നില്ലെന്നും ജനസേവനകേന്ദ്രങ്ങൾ വഴി ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കുന്നതിന് ജില്ലകളിൽ പല കേന്ദ്രങ്ങളിലും വ്യത്യസ്ത നിരക്കാണ് ഈടാക്കുന്നതെന്നുമുള്ള പരാതി ഉള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇക്കാര്യം പരിശോധിച്ച് സംസ്ഥാനവ്യാപകമായി ഏകീകൃത നിരക്ക് ഏർപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. നോർക്കയിൽ രജിസ്റ്റർ ചെയ്യുന്നതിനും ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിനും ജില്ലയിൽ അക്ഷയ മുഖേന ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതിന് സൗകര്യമുണ്ടെങ്കിലും അക്ഷയയിലെ ജീവനക്കാർക്ക് ഇത് സംബന്ധിച്ച് വ്യക്തമായ ധാരണയില്ലായെന്നത് പ്രവാസികൾക്ക് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അക്ഷയ ജീവനക്കാർക്ക് ഇതു സംബന്ധിച്ച പ്രത്യേക പരിശീലനം നൽകുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. പ്രവാസികൾ അഭിമുഖീകരിക്കുന്ന പൊതുവായ വിഷയങ്ങൾ സംബന്ധിച്ച് യോഗത്തിൽ ഹാജരായ പ്രവാസി സംഘടനകൾ ചുവടെപ്പറയുന്ന വിഷയങ്ങൾ മുന്നോട്ട് വച്ചു.

1. സീസൺ സമയങ്ങളിൽ വിമാനക്കമ്പനികൾ അനിയന്ത്രിതമായി യാത്ര ചാർജ്ജ് വർദ്ധിപ്പിക്കുന്ന വിഷയം സംബന്ധിച്ച് നടപടി സ്വീകരിക്കുക.

2. യുക്രൈനിൽ നിന്നും യുദ്ധ പശ്ചാത്തലത്തിൽ തിരിച്ചുവന്ന വിദ്യാർത്ഥികൾക്ക് തുടർപഠനത്തിന് സൗകര്യമേർപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിക്കുക.

3. പ്രവാസി സംരംഭങ്ങൾക്ക് അനുമതി നൽകുന്നതിന് ഏകജാലക സംവിധാനം ഏർപ്പെടുത്തുക.

4. ചെറുതും വലുതുമായ ധാരാളം നിയമ പ്രശ്നങ്ങൾ പ്രവാസികൾക്ക് നേരിടേണ്ടി വരുന്നുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് ഉതകുന്ന ലീഗൽ സെന്ററുകൾ ആരംഭിക്കുക.

5. വിദേശരാജ്യങ്ങളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ജി.സി.സി. രാജ്യങ്ങളിൽ ഓഫ് ക്യാമ്പസ് സംവിധാനം ഏർപ്പെടുത്തുക.

6. ഒഡെപെക് നൽകുന്ന സേവനങ്ങളെ സംബന്ധിച്ച് പ്രവാസികൾക്ക് നോർക്ക മുഖേന അവബോധം നൽകുക.

7. നിസ്സാര കാരണങ്ങളാൽ വിദേശ രാജ്യങ്ങളിലെ ജയിലിൽ കഴിയേണ്ടിവരുന്ന നിരവധി പ്രവാസികളുണ്ട്. പ്രവാസിക്ക് പെട്ടെന്നൊരാവശ്യം വന്നാൽ നോർക്ക മുഖേന എംബസിയുമായി ബന്ധപ്പെടാൻ കഴിയുന്നതിന് നോർക്കയും എംബസികളും തമ്മിൽ ഒരു ലിങ്കുണ്ടാക്കുക.

8. പ്രവാസികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും തീരുമാനമുണ്ടാക്കുക.

9. യെമനിലെ യാത്രാവിലക്കുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റാണ് തീരുമാനമെടുക്കേണ്ടതെങ്കിലും ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ ഇടപെടലുണ്ടാകണം.

16. പ്രവാസി സംഘടനാ പ്രതിനിധികൾ മേൽ വിഷയങ്ങളിൽ വളരെ ശ്രദ്ധേയമായ നിരീക്ഷണങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് സമിതി വിലയിരുത്തുന്നു. അവർ മുന്നോട്ടുവച്ച ആവശ്യങ്ങൾ സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് സമിതി പ്രതീക്ഷിക്കുന്നു.

17. ആരോഗ്യമുള്ള കാലത്ത് നാടിന്റെ സമ്പദ്‌വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിൽ പങ്കാളികളായ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസികളെ ചേർത്തുപിടിക്കുകയും മാനുഷിക പിന്തുണ നൽകുകയും ചെയ്യേണ്ടത് കേരള സമൂഹത്തിന്റെ കടമയാണെന്ന് സമിതി വിലയിരുത്തുന്നു. മടങ്ങിയെത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും പുതിയ നൈപുണ്യ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും പ്രവാസികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനോടൊപ്പം ഭാവി പ്രവാസത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഈ റിപ്പോർട്ട് സഹായകരമാകട്ടെ എന്ന് സമിതി പ്രത്യാശിക്കുന്നു.

**എ. സി. മൊയ്തീൻ,**
ചെയർമാൻ,
പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2023 സെപ്റ്റംബർ 11.

## അനുബന്ധം

നോർക്ക റൂട്ട്സ് നടപ്പിലാക്കുന്ന പ്രവാസിക്ഷേമ പദ്ധതികൾ

### സാന്ത്വന

തിരികെയെത്തിയ പ്രവാസി കേരളീയർക്കുവേണ്ടി നോർക്ക റൂട്ട്സ് നടപ്പാക്കുന്ന ദുരിതാശ്വാസ നിധിയാണ് സാന്ത്വന. ഈ പദ്ധതി പ്രകാരം നൽകുന്ന സഹായങ്ങൾ

- മരണാനന്തര സഹായം (പരമാവധി ഒരു ലക്ഷം രൂപ വരെ)

- ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ, ഗുരുതര വൃക്കരോഗം, പക്ഷാഘാതം, അപകടം മൂലമുള്ള സ്ഥിര അംഗഭംഗം തുടങ്ങിയവയ്ക്ക് : 50,000 രൂപ വരെ.

മറ്റ് രോഗങ്ങളുടെ ചികിത്സയ്ക്ക് : 20,000 രൂപ വരെ.

- തിരികെ എത്തിയ പ്രവാസികൾക്ക് പെൺമക്കളുടെ വിവാഹ ധനസഹായം പരമാവധി 15,000 രൂപ വരെ (വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുള്ളിൽ അപേക്ഷിക്കണം)

- പ്രവാസികൾക്കും അവരുടെ ആശ്രിതർക്കും ഭിന്നശേഷി ഉപകരണങ്ങളായ കൃത്രിമക്കാലുകൾ, ഊന്നുവടി, വീൽചെയർ മുതലായവ വാങ്ങുന്നതിന് പരമാവധി 10,000 രൂപ വരെ

### അർഹത

- അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം ഒന്നരലക്ഷം രൂപയിലധികമാവാൻ പാടില്ല.

- കുറഞ്ഞത് രണ്ടു വർഷം പ്രവാസി ആയിരുന്നിരിക്കണം.

- തിരികെയെത്തിയിട്ട് വിദേശത്ത് ജോലിചെയ്തത്രയും കാലയളവ് അല്ലെങ്കിൽ പത്തുവർഷം (ഇവയിൽ ഏതാണോ കുറവ്) അതിനകം അപേക്ഷിക്കണം.

- അപേക്ഷ സമർപ്പിക്കുമ്പോഴും സഹായം സ്വീകരിക്കുമ്പോഴും വിദേശത്ത് ആയിരിക്കുവാൻ പാടുള്ളതല്ല.

### പ്രവാസി ഭദ്രത

കോവിഡ് 19 മഹാമാരിയെ തുടർന്ന് ഒട്ടനവധി പ്രവാസി മലയാളികൾ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തി. ഈ സാഹചര്യത്തിൽ മടങ്ങിയെത്തിയവരെ പുനരധിവസിപ്പിക്കുകയും അവർക്ക് നിലനിൽപ്പിനാവശ്യമായ പുതിയ സംരഭകത്വ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യേണ്ടത് നോർക്ക വകുപ്പിന്റെ അനിവാര്യതയായി. ഇതിനായി ആവിഷ്കരിച്ച പദ്ധതിയാണ് പ്രവാസി ഭദ്രത. മൂന്ന് തൊഴിൽ സംരംഭക

പദ്ധതികളാണ് പ്രവാസി ഭദ്രതയിൽ ആവിഷ്കരിച്ചിരിക്കുന്നത്.

- <u>പ്രവാസി ഭദ്രത - പേൾ (നാനോ എന്റർപ്രൈസസ് അസിസ്റ്റന്റ്സ് സ്കീം)</u>
- <u>പ്രവാസി ഭദ്രത - മൈക്രോ (മൈക്രോ എന്റർപ്രൈസസ് അസിസ്റ്റന്റ്സ് സ്കീം)</u>
- <u>പ്രവാസി ഭദ്രത - മെഗാ (സ്പെഷ്യൽ അസിസ്റ്റന്റ്സ് സ്കീം)</u>

## പ്രവാസി ഭദ്രത - പേൾ

<u>(നാനോ എന്റർപ്രൈസസ് അസിസ്റ്റന്റ്സ് സ്കീം)</u>

അവിദഗ്ധ തൊഴിൽ മേഖലകളിൽ നിന്നുള്ളവരും കുറഞ്ഞ വരുമാനപരിധിയിൽ വരുന്നവരുമായ പ്രവാസി കേരളീയർ/അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി കുടുംബശ്രീ വഴി പലിശരഹിത സംരംഭക വായ്പകളും പിന്തുണ സഹായങ്ങളും നൽകി സാമ്പത്തിക സ്വാശ്രയത്വം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ സവിശേഷതകൾ ചുവടെ .

- റിവോൾവിംഗ് ഫണ്ട് മാതൃകയിൽ വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾക്ക് സഹായം.
- സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യക്തിഗത/ഗ്രൂപ്പ് വായ്പകൾ.
- രണ്ട് ലക്ഷം രൂപ വരെയുള്ള പലിശരഹിതവായ്പ.
- രണ്ട് വർഷത്തിനുള്ളിൽ തിരിച്ചടവ്.

## പദ്ധതി നടത്തിപ്പ്

- കുടുംബശ്രീ യൂണിറ്റ് മുഖാന്തരം സഹായത്തിന് അപേക്ഷിക്കാവുന്നതാണ്.
- സംരംഭകത്വവികസന പരിശീലനം, വൈദഗ്ധ്യ പരിശീലനം എന്നിവ നൽകി സംരംഭത്തിന് സജ്ജമാക്കുന്നതിനോടൊപ്പം സാമ്പത്തികസഹായവും,പിന്തുണ സഹായവും ഈ പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് നൽകുന്നു.
- വായ്പ തിരച്ചടവായി ലഭിക്കന്ന തുക മറ്റ് ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുത്തുന്നതിനോടൊപ്പം സംരംഭങ്ങളുടെ തുടർവ്യാപനത്തിനും/വിപുലീകരണത്തിനും ഉപയോഗിക്കാവുന്നതാണ്.
- കുടുംബശ്രീ മിഷൻ മുഖാന്തരം വിതരണം ചെയ്യുന്ന തുകയുടെ വിനിയോഗം നോർക്ക വകുപ്പ്തല കമ്മിറ്റി അവലോകനം ചെയ്യും

## പ്രവാസി ഭദ്രത – മൈക്രോ

<u>(മൈക്രോ എന്റർപ്രൈസസ് അസിസ്റ്റന്റ്സ് സ്കീം)</u>

കേരളാ ബാങ്ക്, കെ.എസ്.എഫ്.ഇ എന്നിവ വഴി സ്വയംതൊഴിൽ വായ്പ ലഭ്യമാക്കും

**പദ്ധതിയുടെ സവിശേഷതകൾ.**

- 5 ലക്ഷം രൂപ വരെയുള്ള വായ്പ.
- പദ്ധതി തുകയുടെ 25% പരമാവധി ഒരു ലക്ഷം രൂപ വരെ മൂലധന സബ്സിഡിയായി ലഭിക്കും
- ആദ്യ നാലുവർഷം 3% പലിശ സബ്സിഡി.

**പദ്ധതി നടത്തിപ്പ്**

- തൊട്ടടുത്ത കേരളാ ബാങ്ക്, കെ.എസ്.എഫ്.ഇ ശാഖകൾ വഴി ഈ വായ്പക്ക് അപേക്ഷിക്കാം.
- മേൽപ്പറഞ്ഞ ധനകാര്യസ്ഥാപനങ്ങൾ വഴി അപേക്ഷ സമർപ്പിച്ച് അനുവദിക്കുന്ന വായ്പകൾക്ക് പദ്ധതി തുകയുടെ 25% പരമാവധി ഒരു ലക്ഷം രൂപ വരെ മൂലധനസബ്സിഡി നൽകും.
- കൃത്യമായ തിരിച്ചടവുകൾക്ക് ത്രൈമാസക്കാലയളവിൽ പലിശ സബ്സിഡി നൽകും
- സബ്സിഡി വിതരണവും അനുബന്ധ മാനദണ്ഡങ്ങളും നോർക്ക വകുപ്പ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതിയുടെ മാർഗനിർദ്ദേശങ്ങൾക്ക് വിധേയമായിരിക്കും

**പ്രവാസി ഭദ്രത - മെഗാ**

(സ്പെഷ്യൽ അസിസ്റ്റന്റ്സ് സ്കീം)

കെ.എസ്.ഐ.ഡി.സി. വഴി നടപ്പിലാക്കുന്ന സംരംഭക പദ്ധതിയിൽ ഗുണഭോക്താക്കളായ പ്രവാസി കേരളീയർക്കു അനുവദിക്കുന്ന വായ്പകൾക്ക് പലിശ സബ്സിഡി നൽകുന്നു. 25 ലക്ഷം മുതൽ രണ്ട് കോടി രൂപ വരെയുള്ള വായ്പകൾക്കാണ് പലിശ സബ്സിഡി. 8.25% മുതൽ 8.75% വരെ പലിശ ഈടാക്കുന്ന വായ്പകളിൽ 5% മാത്രം ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കി ബാക്കി 3.25% മുതൽ 3.75% വരെ പലിശ ഗുണഭോക്താക്കൾക്ക് പലിശ സബ്സിഡി ഇനത്തിൽ തിരികെ നൽകും.

**പദ്ധതി നടത്തിപ്പ്**

മടങ്ങിയെത്തുന്ന പ്രവാസികൾക്കായി കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കുന്ന സംരംഭകത്വ പദ്ധതിയിലെ ഗുണഭോക്താക്കൾക്കുള്ള പലിശ സബ്സിഡി ത്രൈമാസക്കാലയളവിൽ നോർക്ക റൂട്ട്സ് മുഖാന്തരം വിതരണം ചെയ്യും. കെ.എസ്.ഐ.ഡി.സി ഓഫീസുകൾ വഴി ഈ വായ്പക്ക് അപേക്ഷിക്കാം.

## നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺഡ് എമിഗ്രൻറ്സ് (NDPREM)

### ലക്ഷ്യം

തിരികെയെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ സുസ്ഥിര വരുമാനമുണ്ടാക്കാൻ പ്രാപ്തരാക്കുക. അതിനുവേണ്ട ബാങ്ക്വായ്പകൾ മൂലധന പലിശ സബ്സിഡിയോടുകൂടി ഉറപ്പാക്കുക.

### സവിശേഷതകൾ

- തിരികെയെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ സുസ്ഥിര വരുമാനം.
- തിരികെയെത്തിയ പ്രവാസികളുടെ സ്വയം തൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാരിന്റെ സമഗ്ര പദ്ധതി.
- 30 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 15 % മൂലധന സബ്സിഡി (പരമാവധി മൂന്നു ലക്ഷം രൂപ വരെ)
- അനുവദിക്കപ്പെടുന്ന വായ്പയുടെ പലിശയ്ക്ക് മൂന്ന് ശതമാനം സബ്സിഡി നാല് വർഷത്തേക്ക്.
- ചുരുങ്ങിയത് രണ്ട് വർഷം വിദേശത്ത് താമസിക്കുകയോ ജോലി ചെയ്യുകയോ ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾക്കും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയ്ക്കും ആനുകൂല്യം.
- താൽപര്യമുള്ള സംരംഭങ്ങൾക്ക് വേണ്ടി പദ്ധതിയുടെ ഭാഗമായി മേഖലാടിസ്ഥനത്തിൽ പരിശീലന കളരികൾ, ബോധവത്കരണ സെമിനാറുകൾ.
- ദേശസാൽകൃത ബാങ്കുകളുൾപ്പെടെ 18 ധനകാര്യസ്ഥാപനങ്ങളുടെ സഹകരണം. പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനും ബാങ്ക് വായ്പ ഉറപ്പാക്കുന്നതിനും സംരംഭകർക്കുള്ള മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനും സൗജന്യ വിദഗ്ധ സേവനം.